36-ാം ദിവസം

# ആത്മീയചിന്ത ശകലങ്ങൾ

കുരുടന്റെ ഈ അവസ്ഥയുടെ കാരണം നോക്കാതെ അവനെ രക്ഷയുടെ പാതയിലേക്കു കൊണ്ടുവരുന്നതിനാണ് കർത്താവ് പ്രാധാന്യം നൽകുന്നത്. ക്രിസ്തീയ ജീവിതം ഇങ്ങനെ ആകുവാൻ നാം ഓരോരുത്തർ ശ്രമിക്കേണ്ടതാണ്, പ്രശ്നങ്ങളുടെ മദ്ധ്യത്തിൽ ആദ്യം പ്രശ്നപരിഹാരവും പിന്നെ പ്രശ്നത്തിന്റെ ഉറവിടവും അന്വേഷിച്ച് മുൻകരുതൽ എടുക്കുന്നതാണ് അഭികാമ്യം. ഇത്തരം മനുഷ്യധർമ്മം മാത്രമേ ദൈവനാമമഹത്വത്തിനായി ഭവിക്കൂ. നമ്മുടെ ജീവിതത്തിലെ കഷ്ടതകൾ / പ്രയാസങ്ങൾ / ബുദ്ധിമുട്ടുകൾ എല്ലാം ദൈവനാമമഹത്വത്തിനായി ഭവിക്കണം. അങ്ങനെ നാം ശുദ്ധീകരണവും ശക്തീകരണവും പ്രാപിച്ച് ദൈവത്തിന്റെ മക്കളെന്നു തെളിയിക്കേണം. നമ്മുടെ ആത്മീയകാഴ്ച നഷ്ടമായോ? ദൈവത്തിന്റെ സൃഷ്ടികളോട് സ്നേഹത്തോട് സഹകരിക്കുന്നതിനോ സഹായിക്കുന്നതിനോ നമുക്ക് കഴിയുന്നുണ്ടോ? ഇന്ന് നമുക്ക് എത്ര നല്ല കാഴ്ച ഉണ്ടായാലും ചില സമയത്ത് കുരുടനെപ്പോലെ ആത്മീയജീവിതത്തിൽ അഭിനയിക്കേണ്ടി വരുന്നത് പരിശുദ്ധാത്മാവിന്റെ സാന്നിധ്യം ഇല്ലാത്തതുകൊണ്ടാണ്. ആയതിനാൽ നമ്മുടെ നിത്യജീവിതത്തിലെ പ്രാർത്ഥനകളിലും ആരാധനകളിലും പരിശുദ്ധാത്മാവിന്റെ നിറവിനായും നടത്തിപ്പിനായും യാചിക്കേണം. മാനുഷിക ചിന്തയിൽ നമുക്ക് ഈ ലോകത്ത് ജീവിക്കുവാൻ കഴിയുമെങ്കിലും സ്വർഗ്ഗീയാനുഭവത്തിൽ വളരുവാൻ ദൈവത്തിന്റെ അളവില്ലാത്ത കൃപ ആവശ്യമാണ്. ദൈവംതമ്പുരാൻ നമ്മെ എല്ലാവരെയും സഹായിച്ച് അനുഗ്രഹിക്കട്ടെയെന്നു ആശംസിക്കുന്നു.

പ്രാർത്ഥനയോടെ,
ബിജോയ് ശാമുവേൽ അബുദാബി

St. Mathew 9:32-35; St. Mark 10:46-52; St. Mathew 20:29-34; 12:22-28; Deut. 25:13-26:5; Judges 6:11-24; Job 42:1-8: I Kings 3:5-15; Ezekiel 13:1-16; Jeremiah 51:10-19; I Peter 4:12-19; Romans 14:10-23; St. John 9:1-41

വലിയ നോമ്പ് 2017